# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated 10/03/ 2018

കൊല്ലം സിറ്റി പോലീസ് വന്ദ്യവയോധികരുടെ സുരക്ഷയ്ക്കും, സംരക്ഷണത്തിനും വേണ്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി വരുന്നു. വയോധികരിൽ ഒറ്റക്ക് താമസിക്കുന്നവരെയും പരസഹായം ആവശ്യമുള്ളവരെയും കണ്ടെത്തി അവരുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി നിരന്തരം അത്തരക്കാരുമായി ബന്ധം സ്ഥാപിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ അവരെ കൈപിടിച്ചുയർത്തുന്നതിനും കൊല്ലം സിറ്റി പോലീസ് പല കർമ്മ പ്രവർത്തനങ്ങളും ചെയ്തുവരുന്നു.




കൊല്ലം ജില്ലയിൽ സുരക്ഷയും സംരക്ഷണവുമായി ബന്ധപ്പെട്ട് മുതിർന്ന പൗരന്മാർ നേരിടുന്ന വിവിധ പ്രശ്നങ്ങളെയും പരാതികളെയും വിശകലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊല്ലം സിറ്റി പോലീസിന്റെ ആഭിമുഖ്യത്തിൽ 09.03.2018 വൈകിട്ട് 4 മണിക്ക് കൊല്ലം ജില്ലാ എ.ആർ. ക്യാമ്പ് കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിച്ച ശില്പശാല കൊല്ലം ജില്ലാ പോലീസ് മേധാവി ഡോ. ശ്രീനിവാസ് എ. IPS ന്റെ അദ്ധ്യക്ഷതയിൽ ഇരവിപുരം MLA ശ്രീ.എം. നൗഷാദ് ഉദ്ഘാടനം നിർവ്വഹിച്ച അദ്ദേഹം മുതിർന്ന പൗരൻമാർ എന്നത് പ്രായം കൊണ്ട് മാത്രമല്ല മിറച്ച് പ്രായത്തോളം തന്നെ അവരുടെ അനുഭവസമ്പത്തിനെയാണ്. അനുഭവസമ്പത്ത് തന്നെയാണ് ഏറ്റവും വലിയ അറിവ്. ആ അിറവിനെയാണ് ഇന്നത്തെ തലമുറ മാനിക്കേണ്ടത് എന്ന് അഭിപ്രായപ്പെട്ടു.

മുതിർന്ന പൗരന്മാരുടെ സുരക്ഷയും സംരക്ഷണവും മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങളും ശുപാർശകളും ഈ ശില്പശാലയിൽ ചർച്ച ചെയ്യപ്പെട്ടു. വന്ദ്യവയോധികരുടെ അഭിപ്രായത്തിൽ ജനമൈത്രി പോലീസിന്റെ ഭവനസന്ദർശനം വളരെ ആശ്വാസകരമായ ഒന്നുതന്നെയാണ് ഇതിൽ നിന്നും ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ പ്രത്യേക രജിസ്റ്റർ തയ്യാറാക്കി അവരുടെ വീടുകളിൽ മാസത്തിൽ ഒന്നിൽ കൂടുതൽ തവണ പോലീസ് എത്തിയാൽ നന്നായിരുന്നു, കാരണം ഇത്തരക്കാർ ഒറ്റപ്പെടുന്നത് മക്കളിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ആണ്. പെൻഷൻ വാങ്ങി വീട്ടിൽവരുമ്പോൾ ആ പണം തട്ടിപ്പറിച്ചിട്ട് കറിവേപ്പില പോലെ വലിച്ചെറിയുകയാണ് മാസത്തിൽ ഒന്നിൽ കൂടുതൽ തവണ പോലീസ് എത്തിയാൽ ഇതിനൊരു പരിധിവരെ പരിഹാരമാകും.




എം.എൽ.എ യോടായി മറ്റൊരഭിപ്രായം സംസ്ഥാനതലത്തിൽ മുതിർന്ന പൗരന്മാർക്കായി ഒരു പ്രത്യേക വകുപ്പോ, ബോഡോ നേടിയെടുത്തുതരണം, ഇങ്ങനെയൊരു സംരഭത്തിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം. ബസിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ 20% സീറ്റുകൾ വൃദ്ധരുടെതാണ് അത് ഞങ്ങൾക്കായി മാത്രം അനുവദിച്ചുതരുക, ഇങ്ങനെ തുടങ്ങി ഒട്ടനവധി പ്രശനങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഡി.സി.ആർ.ബി എ.സി.പി ശ്രീ, എം.ആർ സതീഷ്കുമാർ സ്വാഗതം ആശംസിച്ച ചടങ്ങിൽ സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി ശ്രീ. ഷിഹാബുദ്ദീൻ, ചാത്തന്നൂർ എ.സി.പി ശ്രീ. ജവഹർ ജനാർദ്ദ് എന്നിവർ നന്ദി പ്രകാശിപ്പിച്ചു.